(ഡി) പ്രസ്തുത പദ്ധതിയിൻകീഴിൽ എത്ര ശൗചാലയങ്ങൾ ആരംഭിക്കാൻ കഴിഞ്ഞു ; ആയതിന് എത്ര തുക ചെലവഴിച്ചുവെന്ന് പറയാമോ ;

(ഇ) വാത്സല്യനിധി, വിദ്യാജ്യോതി പദ്ധതികൾക്കായി 31-1-2015 വരെ ചെലവഴിച്ച തുകയെത്രയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) വാത്സല്യനിധി പദ്ധതിക്കായി ഒന്നാം ഉപധനാഭ്യർത്ഥനയിൽ ഉൾപ്പെടുത്തി 2225-01-102-95 (പ്ലാൻ) എന്ന ശീർഷകത്തിൽ 1,000 രൂപ ടോക്കൺ പ്രൊവിഷനായി അനുദിച്ചിട്ടുണ്ട്.

(ബി) വിദ്യാജ്യോതി പദ്ധതിയ്ക്കായി മാത്രം ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ല.

(സി) നിർദ്ദേശിച്ചിട്ടുണ്ട്. സ്നേഹവനം പദ്ധതിയ്ക്കായി മാത്രം ബഡ്ജറ്റിൽ തുക വകകൊള്ളിച്ചിട്ടില്ല. കോർപ്പസ് ഫണ്ടിൽ നിന്നാണ് ആവശ്യമായ തുക കണ്ടെത്തുന്നത്.

(ഡി) സ്നേഹവനം പദ്ധതി പ്രകാരം പട്ടികജാതിക്കാർക്കായി ശൗചാലയങ്ങളൊന്നും പുതുതായി ആരംഭിച്ചിട്ടില്ല. എന്നാൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിലുള്ള 27 ശൗചാലയങ്ങൾ പരമാവധി 10 ലക്ഷം രൂപയിൽ പരിമിതപ്പെടുത്തി നവീകരിക്കുന്നതിന് 180.44 ലക്ഷം രൂപ അനുവദിക്കുകയും 30.43 ലക്ഷം രൂപ ഇതിനകം ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. അവശേഷിക്കുന്ന തുക നടപ്പ് വർഷം തന്നെ ചെലവഴിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(ഇ) വാത്സല്യനിധി, വിദ്യാജ്യോതി പദ്ധതികൾക്കായി 31-1-2015 വരെ തുകയൊന്നും ചെലവഴിച്ചിട്ടില്ല.

മേലെപാൽച്ചുരം പട്ടികജാതി കോളനിയുടെ അടിസ്ഥാന സൗകര്യ വികസനം

296 (994) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കൊട്ടിയൂർ പഞ്ചായത്തിലെ മേലെപാൽച്ചുരം പട്ടികജാതി കോളനിയുടെ അടിസ്ഥാന സൗകര്യവികസനത്തിന് പ്രത്യേക പദ്ധതികൾക്ക് അനുമതി നൽകിയിട്ടുണ്ടോ ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ എന്തെല്ലാം ; മേൽ പദ്ധതികളുടെ സമയബന്ധിതമായ പൂർത്തീകരണത്തിന് ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാം ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

കണ്ണൂർ ജില്ലയിലെ പാൽച്ചുരം എസ്.സി. കോളനി അടിസ്ഥാന സൗകര്യ വികസനത്തിനായി പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കുന്ന ഗാന്ധിഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ പദ്ധതി പ്രകാരം വിവിധ നിർമ്മാണ പ്രവൃത്തികൾ നടപ്പിലാക്കുന്നതിനായി സ.ഉ.(കൈ) നമ്പർ 70/2014/ പജപവവിവ. തീയതി 30-9-2014 പ്രകാരം ഒരു കോടി രൂപ അനുവദിച്ചിട്ടുണ്ട്. സർക്കാർ അക്രഡിറ്റഡ് ഏജൻസിയായ സിഡ്കോയാണ് പ്രസ്തുത കോളനിയിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നത്. പ്രസ്തുത പദ്ധതി പ്രകാരമുള്ള നിർമ്മാണ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് നിർവ്വഹണ ഏജൻസികൾക്ക് കർശന നിർദ്ദേശം നൽകുകയും പ്രോജക്ട് കോസ്റ്റിന്റെ 25% തുക മുൻകൂറായി വിതരണം നടത്തുകയും ചെയ്തിട്ടുണ്ട്.

പട്ടികജാതിക്കാരുടെ വായ്പാ കടിശ്ശിക

297 (995) ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പട്ടികജാതിക്കാരുടെ വായ്പാ കടിശ്ശിക എഴുതിത്തള്ളുവാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

ഉത്തരം

12-11-2009-ലെ സ.ഉ.(പി) നമ്പർ 100/09/പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് പ്രകാരം പട്ടികജാതിക്കാർ, സർക്കാർ വകുപ്പുകൾ, കോർപ്പറേഷനുകൾ, സഹകരണസ്ഥാപനങ്ങൾ മുതലായവയിൽ നിന്നും എടുത്തിട്ടുള്ളതും 31-3-2006-ൽ തിരിച്ചടവ് കാലാവധി കഴിഞ്ഞതുമായ 25,000 രൂപയിൽ താഴെയുള്ള വായ്പകളുടെ കടിശ്ശിക എഴുതിത്തള്ളിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. തുടർന്ന് പ്രസ്തുത ഉത്തരവു പ്രകാരമുള്ള ആനുകൂല്യം പല ഘട്ടങ്ങളിലായി ദീർഘിപ്പിച്ചു നൽകിയിട്ടുണ്ട്. ഇതിനു പുറമെ പട്ടികജാതി വിഭാഗക്കാർ പട്ടികജാതി/പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ, വ്യവസായ വാണിജ്യ വകുപ്പ്, ഖാദിഗ്രാമ വ്യവസായ ബോർഡ്, സഹകരണ സ്ഥാപനങ്ങൾ എന്നിവയിൽനിന്നും എടുത്തിട്ടുള്ളതും 31-3-2006-ൽ തിരിച്ചടവ് കാലാവധി കഴിഞ്ഞ് കടിശ്ശികയായതുമായ 50,000 രൂപവരെയുള്ള വായ്പകൾ 10-12-2013-ലെ സ.ഉ.(പി) 99/2013 പജപവവിവ. നമ്പർ ഉത്തരവ് പ്രകാരം എഴുതിത്തള്ളിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. തുടർന്ന് 16-10-2014-ലെ സ.ഉ.(കൈ) നമ്പർ 74/14/പജപവവിവ പ്രകാരം പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർ പട്ടികജാതി/പട്ടികവർഗ്ഗ വികസന കോർപ്പറേഷനിൽ നിന്നും ആദ്യകാലങ്ങളിൽ